# ഗവ: ഹൈസ്കൂൾ കുറുമ്പാല

കുപ്പാടിത്തറ,മുണ്ടക്കുറ്റി, വയനാട്- സ്കൂൾ കോഡ്: 15088



## ജി എച്ച് എസ് കുറുമ്പാല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ഗവ : ഹൈസ്കൂൾ കുറുമ്പാല

**ഉള്ളടക്കം**


**അടിസ്ഥാന വിവരങ്ങൾ**
**ആമുഖം**
**ലക്ഷ്യങ്ങൾ**
**കർമ്മ പദ്ധതി**


## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ജി എച്ച് എസ് കുറുമ്പാല |
| സ്കൂൾ കോഡ് | 15088 |
| ഉപജില്ല | വൈത്തിരി |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| BRC | വൈത്തിരി |
| ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറത്തറ |
| ബ്ലോക് പഞ്ചായത്ത് | കൽപറ്റ |
| ജില്ലാ പഞ്ചായത്ത് | വയനാട് |
| PIN | 670645 |
| email | ghskurumbala@gmail.com |

## STUDENT DATA

| STD | ALL COMMUNITIES | | TOTAL |
|---|---|---|---|
| | BOYS | GIRLS | |
| Pre-Primary | 13 | 18 | 31 |
| I | 16 | 19 | 35 |
| II | 10 | 06 | 16 |
| III | 12 | 09 | 21 |
| IV | 09 | 08 | 17 |
| V | 25 | 25 | 50 |
| VI | 31 | 24 | 55 |
| VII | 19 | 22 | 41 |
| VIII | 19 | 27 | 46 |
| IX | 16 | 16 | 32 |
| X | 18 | 27 | 45 |
| Total | 175 | 183 | 358 |

### ആമുഖം

വയനാട് ജില്ലയിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നായ ജിഎച്ച്എസ് കുറുമ്പാല 1911 ൽ കുടിപള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ചു. പിന്നീട് അപ്പർ പ്രൈമറി, ഹൈസ്കൂൾ നിലയിലേക്ക് ഉയർത്തപ്പെടുകയും2014 മുതൽ ഹൈ സ്കൂൾ ആയി നിലകൊള്ളുകയും ചെയ്യുന്നു.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ കുപ്പാടിത്തറ വില്ലേജിലെ,സാധാരണക്കാരും,സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്ക ന്നവരും,ഗോത്ര വിഭാഗത്തിൽപെട്ടവരുമായ ആളുകളുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഈ വിദ്യാലയത്തിലെ ഭൂരിഭാഗവും.അക്കാദമിക വും ഭൗതികവുമായ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിദ്യാലയം ഇന്നേവരെ അക്കാദമിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ളത്.പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ് വരെ ഏകദേശം നാനൂറോളം കുട്ടികൾ ഈ വിദ്യാലയത്തിൽ അധ്യയനം നടത്തുന്നു.കഴിഞ്ഞ വർഷ ങ്ങളിലെ ഭൗതിക സാഹചര്യങ്ങളിൽ മാറ്റം വരുത്തുവാനും, അടിസ്ഥാനപരമായ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കി എടുക്കുവാനും വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.അതിനോടൊപ്പം തന്നെ അക്കാദമിക രംഗത്തെ എല്ലാ മേഖലകളിലും തിളക്കമാർന്ന വിജയം നേടുവാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ എസ്എസ്എൽസി പരീക്ഷയിലെ 100% വിജയവും, മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവും , എൽ എസ് എസ് , യുഎസ്എസ് , എൻ എം എം എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിലെ മികവാർന്ന വിജയവും അക്കാദമിക രംഗത്തെ മികവുകൾ ക്ക് ഉദാഹരണങ്ങളാണ്.

ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപക കൂട്ടായ്മയും സ്കൂളിൻറെ പുരോഗതിക്ക് താങ്ങും തണലുമായി നിൽക്കുന്ന പിടിഎ , എം പി ടി എ,എസ് എം സി മുതലായ സമിതികളും,രക്ഷിതാക്കളുടെ സഹകരണവും സ്കൂളിൻറെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടു പോകു ന്നതിന് സഹായകരമായിട്ടുണ്ട്.

സ്കൂളിൻറെ ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റം ഇവിടെ പ്രത്യേകം സൂചിപ്പിക്കുകയാണ്. പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം, എച്ച് എസ് , യു പി വിഭാഗത്തിലെ ഹൈടെക് ക്ലാസ് മുറികൾ, പ്രൈമറി ഹൈസ്കൂൾ വിഭാഗങ്ങൾക്ക് പ്രത്യേകം ഐടി ലാബുകൾ , നവീകരിച്ച സയൻസ് ലാബ്,ലൈബ്രറി,പ്രീ പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്കുള്ള വർണ്ണക്കൂടാരം മുതലായവ ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങൾക്കു ഉദാഹരണങ്ങളാണ്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന 2025-26 വർഷം വിദ്യാലയത്തിൽ പ്രവേശനം നേടുന്ന ഓരോ കുട്ടിയും അവർ നേടേണ്ട അടിസ്ഥാന ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർമ്മ പദ്ധതി പദ്ധതി ഇതിനോടകം തന്നെ രൂപീകരിച്ചിട്ടുണ്ട്.കൂട്ടായ പരിശ്രമത്തിലൂടെ വിദ്യാലയത്തെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റുവാനും ഉത്തമ പൗരന്മാരെ സൃഷ്ടിക്കുവാനും കഴിയുമെന്ന പ്രതീക്ഷയിലാണ് ഈ അക്കാദമിക് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

## ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ശാസ്ത്രീയ മനോഭാവം വളർത്തൽ
- വിവരസാങ്കേതികവിദ്യ കളെ നന്നായി മനസ്സിലാക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്യുക
- വിദ്യാലയ അന്തരീക്ഷം കൂടുതൽ ആകർഷകവും പഠനം ആസ്വാദ്യകരവും ആക്കുക
- പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക
- കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക
- എൽഎസ്എസ് യുഎസ്എസ് എൻ എം എം എസ് പോലെയുള്ള മത്സരപരീക്ഷകളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തവും മികവാർന്ന വിജയവും ഉറപ്പാക്കുക

**ഹൈസ്കൂൾ വിഭാഗം  വിഷയം : മലയാളം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1.പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3.ചിഹ്നം ഉറപ്പിക്കൽ | ജൂൺ, ജൂലൈ | മലയാളം ടീച്ചർ | പി. ടി. എ |

| | | | | | | |
|---|---|---|---|---|---|---|
| | | | 4.വാക്കുകൾ നിർമ്മിക്കുക<br>5.വാക്യങ്ങൾ നിർമ്മിക്കുക<br>6.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്.<br>7.കുറിപ്പ്, കത്ത്, പോസ്റ്റർ | 1 വർഷം | | |
| 2 | | കുട്ടിയെ മികച്ച വായനക്കാ രനാക്കുക. | 1.ക്ലാസ്സ് വായനക്കൂട്ടം രൂപീകരി ക്കൽ.<br>2.ക്ലാസ്സ് ലൈബ്രറി<br>3.സ്കൂൾ ലൈബ്രറി<br>4.പത്രവാർത്ത<br>5.വിദ്യാരംഗം കലാസാഹിത്യ വേദി<br>6.ജന്മദിനപുസ്തകം. | 6 മാസം | വിദ്യാരംഗം , മലയാളം ടീച്ചർ | പി. ടി. എ. |
| 3 | | കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക. | 1.സംഘ രചന<br>2.വ്യക്തിഗത രചന<br>3.വായനാക്കുറിപ്പ്.<br>4.ആസ്വാദകുറിപ്പ്<br>5.കഥാപാത്ര നിരൂപണം<br>6.കവിതാരചന<br>7.കഥാരചന | 6 മാസം | വിദ്യാരംഗം , മലയാളം ടീച്ചർ | പി. ടി. എ. |
| 4 | | സദസ്സിനെ അഭിമുഖീകരി - ക്കാൻ പ്രാപ്ത നാക്കുക | 1.ക്ലാസ്സിൽ സംസാരിക്കാൻ അവസരം<br>2.വിഷയം നൽകി ക്ലാസ്സിൽ പ്രസംഗം തയ്യാറാക്കുക<br>3.മികച്ച പ്രസംഗങ്ങളുടെ ഓഡി- യോ / വീഡിയോ കേൾ | ജൂലൈ - ഡിസംബർ | വിദ്യാരംഗം , മലയാളം ടീച്ചർ | പി. ടി. എ. |

| | | | | | | |
|---|---|---|---|---|---|---|
| | | | പ്പിക്കുക | | | |
| 5 | | പത്ര വായന പരിപോഷിപ്പി -ക്കുക | 1. ഓരോ ക്ലാസിലും ഓരോ പത്രം.<br>2. രാവിലെ പ്രധാന വാർത്ത കളുടെ അവതരണം<br>3. പത്ര ക്വിസ് | 3 മാസം | മലയാളം ടീച്ചർ | പി. ടി. എ. |
| 6 | | സർഗ്ഗശേഷി വികസിപ്പി-ക്കൽ. | 1. വായനാനുഭവം പങ്കു വെയ്ക്കൽ<br>2.സാഹിത്യ ക്വിസ്<br>3.കവിതാലാപനം | മാസത്തിൽ ഒരുതവണ | മലയാളം ടീച്ചർ | പി. ടി. എ. |
| 7 | | വിവിധ ശേഷിക ളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | വിദ്യാരംഗം , മലയാളം ടീച്ചർ | പി. ടി. എ. |

**ഹൈസ്കൂൾ,യു പി വിഭാഗം  വിഷയം : ഉർദു**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പഠ്ന ലിക്ക്ന ആസാൻ | എഴുത്തിലും വായനയിലും പിന്നോ ക്കം നിൽക്കുന്ന കുട്ടികളെ എഴുതാ നും വായിക്കാനു മുള്ള ശേഷി കൈ | *വാക്കുകളിൽ നിന്ന് അക്ഷരങ്ങൾ തിരിച്ചറിയുന്നു. (കാർഡ്, ICT) രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.<br>*ചിത്ര കാർഡുകൾ ഉപയോഗിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.<br>*വാക്കുകൾ തയ്യാറാക്കുന്നു | ജൂണ് ജൂലൈ ആഗസ്റ്റ് (ആഴ്ച്ചയിൽ ഒരു ക്ലാസ്- ചൊവ്വാഴ്ച്ചകളി | ഉർദു അധ്യാപകൻ, മറ്റു വിദ്യാർഥികളുടെ സഹായവും | പി. ടി. എ. |

| | | | | | | |
|---|---|---|---|---|---|---|
| | | വരിക്കുന്നതിന് | *ചെറു വാചകങ്ങൾ നിർമ്മിക്കുന്നു. വായിക്കുന്നു.<br>*ചെറിയ കഥകളും വിവരണങ്ങളും പകർത്തിഎഴുതുന്നു | ൽ) | | |
| 2 | സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധ തി | ഓരോ ടേമിലും കുട്ടിയിൽ മിനിമം പഠനനേട്ടങ്ങൾ ഉറപ്പ് വരുത്തുക | *ഓരോ യൂണറ്റ്കൾക്ക് ശേഷവും മൂല്യനിർണ്ണയം നടത്തുന്നു.<br>* മുപ്പത് ശതമാനത്തിൽ മാർക്ക് കുറവുള്ള കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി അധിക പരിശീലനം നൽകുന്നു. | ജൂലൈ, ആഗസ്റ്റ്, നവംബർ, ഫെബ്രുവരി | അധ്യാപകൻ, മറ്റുവിദ്യാർഥികളുടെ സഹായവും | |
| 3 | പ്രസംഗ പരിശീലനം | ഭാഷാ വിനിമയ ശേഷി പരിപോഷിപ്പിക്കുന്നതിന് | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉർദുവിൽ പ്രസംഗിക്കാനുള്ള അവസരം ക്ലാസിൽ ഒരുക്കുന്നു.<br>(6 മുതൽ 10 വരെ ക്ലാസുകളിൽ) | എല്ലാ ഉർദു പിരീഡുകളിലും | അധ്യാപകൻ | |
| 4 | مطالعہ<br>മുതാലഅ | അധിക വായന പ്രോത്സാഹിപ്പിക്കാൻ | വായനാമത്സരങ്ങൾ നടത്തുന്നു<br>വിജയികളെ അനുമോദിക്കുന്നു. | ജൂൺ,ആഗസ്റ്റ്, ഒക്ടോബർ,ജനുവരി) | അധ്യാപകൻ,ഉർദുക്ലബ്ബ് | പി. ടി. എ. |
| 5 | خوش نویسی<br>ഖുശ് നവീസി | കുട്ടികളുടെ രചനാപരമായ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് | രചന മത്സരങ്ങൾ<br>(ഉപന്യാസരചന, കഥാ- കവിതാ രചന,) | ആഗസ്റ്റ്, നവംമ്പർ | ഉർദു ക്ലബ്ബ് | പി. ടി. എ. |
| 6 | ഡിജിറ്റൽ ഉർദു | സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനം ആകർശക-മാക്കുന്നതിന് | പാഠപുസ്തകങ്ങളിലെ കവിതകളുടെ ഡിജിറ്റൽ ഓഡിയോ വീഡിയോ ഫയലുകൾ നിർമ്മാണം. | ഡിസംബർ മാസം | ഉർദു ക്ലബ്ബ് | |

| | | | | | | |
|---|---|---|---|---|---|---|
| 7 | | ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട ക്വിസ്, പ്രസംഗ മത്സരം, കവിതാരചന, കഥാരചന, ഉപന്യാസരചന, ടാലൻറ് ടെസ്റ്റുകൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ഉർദു ക്ലബ്ബ് | |
| 8 | | മലയാളം - ഉർദു ഡിക്ഷ്ണറി | മലയാളം-ഉർദു ഡിക്ഷ്ണറി തയ്യാറാക്കുന്നു.(എല്ലാ ദിവസവും തുടർച്ചയായി ചെയ്യുന്ന പ്രവർത്തനം) | വർഷം മുഴുവൻ | | |
| 9 | | മറ്റ് പരീശീലനങ്ങൾ | യു എസ് എസ് പരീക്ഷ, സ്കൂൾ കലോത്സവം തുടങ്ങിയവയ്ക്കുള്ള അധിക പരിശീലനം | | അധ്യാപകൻ | |

## ഹൈസ്കൂൾ,യു പി വിഭാഗം വിഷയം : ഹിന്ദി

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | • അക്ഷരങ്ങൾ , ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയുന്നു .<br>• ഉച്ചാരണം മനസിലാക്കുന്നു .<br>• എഴുതാനും ,വായിക്കാനുമുള്ള ശേഷി നേടുന്നു | • അക്ഷരചാർട്ട് ,പദചാർട്ട് , പലതരം ചിത്രങ്ങൾ അടങ്ങിയ ചാർട്ടുകൾ ,വീഡിയോ ,ഓഡിയോ എന്നിവ നൽകുന്നു. | ജൂൺ ജൂലായ് | അധ്യാപിക | |

| | | | | | | |
|---|---|---|---|---|---|---|
| 2 | | • സമഗ്രഗുണമേന്മ പദ്ധതി ലക്ഷ്യം വച്ചു കൊണ്ട് പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളും നേടിയെന്നു ഉറപ്പു വരുത്തുന്നു | • പ്രീ ടെസ്റ്റ് നടത്തുന്നു .<br>• വർക്ഷീറ്റുകൾ നൽകുന്നു .<br>• എല്ലാമാസവും യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു . | ജൂൺ ജൂലൈ ആഗസ്ത് | അധ്യാപിക | |
| 3 | | • ഹിന്ദി വായന<br>• ഹിന്ദി എഴുത്ത് | • കേട്ടെഴുത്ത് ,പ്രശ്നോത്തരി എന്നിവ നൽകുന്നു .<br>• വായനാദിനപ്രവർത്തങ്ങൾ (വായനാമത്സരം ), നൽകുന്നു .<br>• ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. ദിനാചരണങ്ങളോടനുബന്ധിച്ചു പോസ്റ്റർ നിർമ്മാണം, കോപ്പി എഴുത്ത് | ജൂലായ് മുതൽ ഫെബ്രുവരി | അധ്യാപിക | |
| 4 | | • ആഴ്ച, മാസം ,അക്കങ്ങൾ എന്നിവ പരിചയപെടൽ | • ജനനതീയതി ഹിന്ദിയിൽ എഴുതുക .<br>• ഹിന്ദി കലണ്ടർ തയ്യാറാക്കുക | ആഗസ്ത് | അധ്യാപിക | |
| 5 | | ഹിന്ദി എഴുതാനും, വായിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പ്രവത്തനങ്ങൾ നൽകുന്നു . | • വർക്ക് ഷീറ്റുകൾ നല്കുന്നു.<br>• സുരീലി ഹിന്ദി പ്രവർത്തനങ്ങൾ | ജൂലൈ ജനുവരി | അധ്യാപിക പീയർ ഗ്രൂപ്പ് | |

| | | | | | | |
|---|---|---|---|---|---|---|
| 6 | | • അടിസ്ഥാന ഭാഷാശേഷി വികാസം | • ഹിന്ദി കാർട്ടൂൺ ,കവിതകൾ ,വാർത്തകൾ എന്നിവ കേൾക്കാനുള്ള അവസരം | ജൂലായ് മുതൽ ഫെബ്രുവരി | അധ്യാപിക | |
| 7 | | • സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടി ചേർത്ത് അർത്ഥ പൂർണമായ പദങ്ങൾ ,വാക ്യങ്ങൾ എന്നിവ എഴുതുക . | • ഡിക്ഷണറി തയ്യാറാക്കൽ<br>• മാതൃക നോക്കി എഴുതുക<br>• അടിക്കുറിപ്പ് തയ്യാറാക്കുക<br>• വരികൾ കൂട്ടി ചേർക്കുക | ജൂലായ് മുതൽ ഫെബ്രുവരി | അധ്യാപിക | |
| 8 | | • നാമം ,സർവ്വന ാമം ,വിശേഷണം എന്നിവ മനസിലാക്കുക | • വാക്യങ്ങൾ നൽകി അതിൽ നിന്നും നാമം, സർവ്വനാമം വിശേഷണം എന്നിവ തിരിച്ചറിയുന്നു | ജൂലായ് മുതൽ ഫെബ്രുവരി | അധ്യാപിക | |
| 9 | | • ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു .തിരക്കഥ ,കുറിപ്പ് , ഡയറി ,കത്ത് , പത്രറിപ്പോർട്ട് എന്നിവ തയ്യാറാക്കാനറിയുന്നു | • പാഠഭാഗത്തിലെ കഥകൾ നാടകങ്ങൾ എന്നിവയിൽ നിന്നും തിരക്കഥ തയ്യാറാക്കുന്നു .<br>• എല്ലാ ദിവസവും ഡയറി എഴുതുന്നു .<br>• തപാൽദിനത്തോടനുബന്ധിച്ച് മിത്രത്തിനൊരു കത്ത് തയ്യാറാക്കുന്നു . | ജൂലായ് മുതൽ ഫെബ്രുവരി | അധ്യാപിക | |
| 10 | | • സാഹിത്യാഭിരു | • പദ്യം ചൊല്ലൽ ,കവിതാരചന ,ഉപന്യാസം | ഒക്ടോബർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | ചി വളർത്തുക . | കഥാരചന എന്നിവ കലാമേളയിൽ ഉൾപ്പെടുത്തുന്നു .<br>• പഠനോത്സവത്തിൽ ഹിന്ദി പ്രവർത്തനങ്ങൾ ഉൾപെടുത്തുക . | നവംബർ മാർച്ച് | | |

**ഹൈസ്കൂൾ വിഭാഗം വിഷയം : ഇംഗ്ലീഷ്**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോട ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് ലൈബ്രറി നവീകരണം, ഇംഗ്ലീഷ് കോർണർ,സ്റ്റോറി ടൈം, ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം. | ജൂൺ ജൂലൈ മാസങ്ങൾ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | | ഇംഗ്ലീഷ് ആവിഷ്കാരങ്ങൾ | Cinema and documentary, profile and script writing. | July,August | English teachers. | |
| 3 | | English entertainments. | School English voice, letter cards, cartoons. | September. | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | | Empowerment. | English assembly, puppet show, English lab. | October. | teachers. | |
| 5 | | Make ready for recitation and story writing. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു, book reviews. | നവംബർ. | ഇംഗ്ലീഷ് അധ്യാപകർ | |
| 6 | | സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ | ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം. | ജനുവരി | English teachers. | |

| | | | | | | |
|---|---|---|---|---|---|---|
| | | വികസനത്തിന് പ്ര യോജനപ്പെടുത്തുക. | | | | |
| 7. | | സംവാദ സദസ്സുകൾ സംഘടിപ്പിക്കുക. | Debates. | February. | അധ്യാപ കർ | |
| 8. | | Interviews. | ഇംഗ്ലീഷ് അധ്യാപകരുമായി ഇന്റർവ്യൂ നടത്തുന്നു. | March. | teachers. | |

**ഹൈസ്കൂൾ വിഭാഗം വിഷയം : ജീവശാസ്ത്രം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാ ന ശേഷികൾ ഉണ്ടെ ന്ന് ഉറപ്പുവരുത്തുക | * പ്രീ ടെസ്റ്റ്<br>* പരിഹാരബോധനത്തിനായി പഠന ഗ്രൂപ്പിന് ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം | ജൂൺ ജൂലൈ | അധ്യാപക ൻ | SRG |
| 2 | | ജീവ ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയമനോഭാവമു ള്ളവരാക്കലും | സയൻസ് ക്ലബ്ബ് രൂപവൽക്കരിക്കൽ<br><br>സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ | അധ്യാപക ൻ, സയൻസ് ക്ലബ് | SMC,<br><br>PTA |
| 3 | | അന്യമായിക്കൊണ്ടിര ിക്കുന്ന കാർഷിക | സ്കൂൾ ക്യാമ്പസിൽ പച്ചക്കറി തോട്ടം വച്ചുപിടിപ്പിക്കൽ, | ജൂൺ- | പരിസ്ഥിതി ക്ലബ്ബ് | കൃഷിഭവ ൻ, |

| | | | | | | |
|---|---|---|---|---|---|---|
| | | സംസ്കൃതിയെ വീണ്ടെടുക്കൽ,പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | ഫെബ്രുവരി | | കർഷകർ, SMC, PTA |
| 4 | | മാലിന്യമുക്ത,ആരോഗ്യ,ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം<br>ശുചിത്വ ബോധവൽക്കരണം<br>ജീവിതശൈലി രോഗ നിർണയ സർവ്വേ<br>ആരോഗ്യ പ്രവർത്തകരുടെ ക്ലാസ് | ജൂൺ-<br>ജനുവരി | അധ്യാപകൻ | ആരോഗ്യ വകുപ്പ് ICDS പഞ്ചായത്ത് |
| 5 | | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | സ്കൂൾ ശാസ്ത്രമേള<br>ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമ്മാണം.<br>ശാസ്ത്ര പതിപ്പുകളുടെ നിർവഹണം<br>ശാസ്ത്ര ക്വിസ് | ജൂൺ<br>- ഡിസംബർ | അധ്യാപകർ | SMC, PTA പഞ്ചായത്ത് |
| 6 | | ജീവശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരത ഉണർത്താനും | ശാസ്ത്ര പഠന യാത്രകൾ ( കാർഷിക സർവകലാശാല കേന്ദ്രങ്ങൾ, അക്വേറിയം, ബയോഡൈവേഴ്സിറ്റി പാർക്കുകൾ, ജൈവകൃഷി ഇടങ്ങൾ.) | നവംബർ | അധ്യാപകർ | SMC, PTA രൂ. 25000 |
| 7 | | ശാസ്ത്ര പ്രതിവിധികളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിനു മുതൽക്കൂട്ടായി മാറ്റൽ | പ്രതിഭകൾക്ക് പ്രത്യേക പരിശീലനം.<br>ഇൻസ്പെയർ അവാർഡ്, സ്കൂൾ ഇന്നവേഷൻ മാരത്തൺ എന്നിവയിൽ പങ്കാളിത്തം ഉറപ്പാക്കുക<br>ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖം, സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം. | സെപ്റ്റംബർ | അധ്യാപകർ | SRG |

**ഹൈസ്കൂൾ വിഭാഗം വിഷയം : ഫിസിക്സ്, കെമിസ്ട്രി**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ശാസ്ത്ര സമവാക്യങ്ങളുടെ ഉപയോഗം കൂടുതൽ ലളിതമാക്കുക. | എല്ലാ കുട്ടികൾക്കും സമവാക്യങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിയുന്നു. | ഗണിതപ്രശ്ന നിർദ്ധാരണം.<br>ലഘു പരീക്ഷണങ്ങൾ. | ജൂൺ 2 മുതൽ 13 വരെ. | സയൻസ് അധ്യാപകർ | |
| 2. | Monthly test. | എല്ലാ കുട്ടികൾക്കും എല്ലാ യൂണിറ്റിലെയും പഠന ലക്ഷ്യങ്ങൾ നേടാൻ കഴിയുന്നു. | എല്ലാമാസവും പൂർത്തിയാക്കിയ യൂണിറ്റുകളിലെ യൂണിറ്റ് ടെസ്റ്റ്.<br>അവയുടെ മാർക്ക് വിശകലനം. | എല്ലാ മാസവും അവസാന ആഴ്ച. | സയൻസ് അധ്യാപകർ. | PTA |
| 3. | സമഗ്ര ഗുണമേന്മ. | എല്ലാ കുട്ടികൾക്കും എല്ലാ യൂണിറ്റിലെയും എല്ലാ പഠന ലക്ഷ്യങ്ങളും നേടാൻ കഴിയുന്നു എന്ന് ഉറപ്പുവരുത്തുക. | യൂണിറ്റ് ടെസ്റ്റുകളിൽ 30 ശതമാനം മാർക്ക് കിട്ടാത്ത കുട്ടികൾക്ക് പ്രത്യേക പരിഹാരബോധന പ്രക്രിയ. | ജൂലൈ മാസം. | സയൻസ് അധ്യാപകർ. | |
| 4. | സയൻസ് ക്ലബ്ബ് | ശാസ്ത്രീയ മനോഭാവം വളർത്തുക. | ശാസ്ത്ര ക്ലബ്ബ് രൂപീകരണം,അനുബന്ധ പ്രവർത്തനങ്ങൾ. | ജൂൺ 25 | അധ്യാപകർ. | |
| 5. | ദിനാചരണങ്ങൾ. | ശാസ്ത്ര പ്രതിഭകളിൽ നിന്ന് പ്രചോദനം നേടുക. ശാസ്ത്രത്തിന്റെ പ്രാധാന്യം | പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം, സെമിനാർ, വീഡിയോ പ്രദർശനം. | എല്ലാമാസവും. | സയൻസ് അധ്യാപകർ. | |

| | | | | | | |
|---|---|---|---|---|---|---|
| | | മനസ്സിലാക്കുക. | | | | |
| 6. | ഔഷധസസ്യത്തോട്ടം. | പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിത ശൈലി പരിശീലിക്കുക. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുക. | ഔഷധസസ്യ തോട്ട നിർമ്മാണം, പരിപാലനം,അവയെക്കുറിച്ചുള്ള അറിവ് ശേഖരണം. | ഓഗസ്റ്റ് 4 മുതൽ 8 വരെ. | സയൻസ് അധ്യാപകർ. | |
| 7. | ബട്ടർഫ്ലൈ പാർക്ക്. | നിരീക്ഷണശേഷി പരിസ്ഥിതിയെക്കുറിച്ചുള്ള അറിവ് എന്നിവ വർദ്ധിപ്പിക്കുക. | പൂച്ചെടികൾ നട്ട് സംരക്ഷിക്കുക, നിരീക്ഷിക്കുക. | ഒക്ടോബർ 6 മുതൽ 10 വരെ (ഒന്നാംഘട്ടം.) ജനുവരി രണ്ടാമത്തെ ആഴ്ച രണ്ടാം ഘട്ടം. | സയൻസ് അധ്യാപകർ. | |
| 8. | ആരോഗ്യ - അവബോധ ക്ലാസ്. | മികച്ച ആരോഗ്യ ശീലങ്ങൾ വളർത്തുക. | അവബോധക്ലാസ്, ഫിസിക്കൽ ട്രെയിനിങ്. | ഒക്ടോബർ 21 മുതൽ 24 വരെ. തുടർന്ന് എല്ലാ മാസവും ഫിസിക്കൽ ട്രെയിനിങ്. | സയൻസ് അധ്യാപകർ. | |

**ഹൈസ്കൂൾ വിഭാഗം വിഷയം : സോഷ്യൽ സയൻസ്**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | | പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലത്തേക്ക് ട്രിപ്പ് സംഘടിപ്പിക്കുക | അക്കാദമിക വർഷം മുഴുവൻ നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| 2 | | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക । പൗര ബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ |
| 3 | | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, എസ് എം സി |
| 4 | | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | പ്രൊജക്റ്റ്, അഭിമുഖങ്ങൾ,ചർച്ചകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | | ഭൂപട വായന വളർത്തുക, സ്ഥലനിർണയം നടത്തുവാൻ പഠിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാനായി ഭൂപട വായന, അറ്റ്ലസ്,ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6 | | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ക്വിസ്സുകൾ സംവാദം വീഡിയോ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സുമനസുകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | പൊതു വിജ്ഞാനം വളർത്തുക | | | | |
| 7 | | വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക | ചരിത്ര ലാബ് ക്രമീകരിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

# പ്രൈമറി വിഭാഗം

**മേഖല - യുപി വിഭാഗം മലയാളം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | ● 1 പ്രീ ടെസ്റ്റ്<br>● 2 അക്ഷരമുറപ്പിക്കൽ<br>● 3 ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>● 4 അക്ഷര കാർഡ്<br>● 5 വാക്കുകൾ നിർമ്മിക്കൽ<br>● 6 വാക്യങ്ങൾ രൂപീകരിക്കുക<br>● ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ ആദ്യവാരം ജൂൺ-ജൂലൈ | അധ്യാപിക | PTA |
| 2 | | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ● ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കുക.<br>● സ്കൂൾ ലൈബ്രറി നവീകരിക്കുക. | ജൂൺ 19 മുതൽ ജൂലൈ മാസം | | |

| | | | | | | |
|---|---|---|---|---|---|---|
| | | | ● സമീപ ഗ്രന്ഥശാല അംഗത്വം.<br>● വായനോത്സവം സംഘടിപ്പിക്കൽ.<br>● പത്രവായന<br>● ദിനാചരണം<br>● വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>● ആസ്വാദ്യകരമായ വായന. | മുഴുവൻ | | |
| 3 | | കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | ● എഴുത്ത് കൂട്ടം ആരംഭിക്കുക.<br>● പുസ്തക ചർച്ച<br>● വായനക്കുറിപ്പ്<br>● പതിപ്പ് തയ്യാറാക്കൽ<br>● വ്യക്തിഗത രചന<br>● സംഘ രചന | മൂന്നു ടേമിലും ഒന്നു വീതം | | |
| 4 | | സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | ● സ്വയം പരിചയപ്പെടുത്തൽ<br>● പ്രസംഗ പരിശീലന കളരി<br>● മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>● പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ ഒരുക്കുന്നു. | വർഷം മുഴുവൻ | | |

**മേഖല - യുപി വിഭാഗം ഗണിതം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | സംഖ്യകൾ വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി കൈവരിക്കുക | അവസ്ഥാപഠനം നടത്തുന്നു ( പ്രീ ടെസ്റ്റ് സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും സഹായിക്കുന്ന താല്പര്യമുളവാക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടത്തുന്നു<br>നമ്പർ കാർഡ് - ഗ്രൂപ്പ് പ്രവർത്തനം<br>അക്കത്തിൽ എഴുതാമോ - ഗ്രൂപ്പ് പ്രവർത്തനം<br>വർക്ഷീറ്റ് ഉപയോഗിച്ചുള്ള വിലയിരുത്തൽ | ജൂൺ | ഗണിത അധ്യാപകൻ | PTA |
| 2 | | അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക | ക്ലാസ് 5 ( സങ്കലനം, വ്യവകലനം )<br>ക്ലാസ് 6,7 (സങ്കലനം, വ്യവകലനം, ഗുണനം,ഹരണം)<br>വിവിധ ഗണിത കളികളിലൂടെ ചതുഷ്ക്രിയകളുടെ ഉത്തരം കണ്ടെത്തുന്ന പ്രവർത്തനം<br>വ്യക്തിഗതം - രണ്ട് പേർ മാത്രം ഉള്ള കളികൾ, ഗ്രൂപ്പ് - ഗ്രൂപ്പുകൾ തമ്മിൽ കളിക്കുന്നു<br>കൂടുതൽ പോയിന്റ് നേടുന്ന വ്യക്തി / ഗ്രൂപ്പ് വിജയിക്കുന്നു | ജൂലൈ - നവംബർ | ഗണിത അധ്യാപകൻ | PTA |
| 3 | | ഗണിത പഠനം കൂടുതൽ ലളിതവും രസകരവുമാക്കുക | പസ്സിലുകൾ, ഗെയിമുകൾ, ഗണിത ക്വിസ്, ഗണിത പൂക്കളം, ഗണിത പതിപ്പ്, ഗണിത ലാബ് സജ്ജീകരണം, ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ മുതലായ പ്രവർത്തനങ്ങൾ SRG തീരുമാനപ്രകാരം നടത്തുന്നു. | ഓരോ മാസവും രണ്ട് ഇനങ്ങൾ - ദിനാചരണങ്ങൾ ബന്ധപ്പെട്ട ദിവസങ്ങളിൽ | ഗണിത ക്ലബ് | PTA |

## മേഖല - യുപി വിഭാഗം അടിസ്ഥാന ശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1. പരീക്ഷണ കളരി: നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ,<br>2.പരീക്ഷണ കിറ്റുകളുടെ നിർമ്മാണം | ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപിക, സയൻസ് ക്ലബ്ബ് | |
| 2 | | ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക | 1.സ്കൂൾ തല ശാസ്ത്രോത്സവം,<br>2.സയൻസ് ഫൺ പ്രദർശനം | ഒക്ടോബർ<br>ആഴ്ചയിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപിക സയൻസ് ക്ലബ്ബ് | |
| 3 | | വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | 1.പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർനിർമ്മാണം<br>2. ശാസ്ത്രമാസികകൾ,ശാസ്ത്ര പതിപ്പുകൾ നിർമ്മാണം | ജൂലൈ - ആഗസ്റ്റ്<br>ജൂലൈ - ഒക്ടോബർ | ശാസ്ത്ര അധ്യാപിക | |
| 4 | | ശാസ്ത്രത്തിലെ നൂതന ആശയങ്ങളെ കുറിച്ച് ധാരണ വളർത്തുക. | ശാസ്ത്രത്തിലെ നൂതന ആശയങ്ങളെ കുറിച്ച് കുട്ടികൾ സെമിനാർ അവതരിപ്പിക്കുന്നു | ജൂലൈ - ഫെബ്രുവരി | ശാസ്ത്ര അധ്യാപിക സയൻസ് ക്ലബ് | |
| 5 | | വ്യക്തി ശുചിത്വം | 1. ക്ലാസ് റൂം സൗന്ദര്യവൽക്കരണം | ജൂൺ - | അദ്ധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | | പരിസര ശുചിത്വം എന്നിവയുടെ പ്രാ ധാന്യംതിരിച്ചറിക | 2. സ്കൂൾ സൗന്ദര്യവൽക്കരണം<br>3. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | ഫെബ്രുവരി | ,സയൻസ് ക്ലബ് | |

## മേഖല - യുപി വിഭാഗം ഇംഗ്ലീഷ്

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | | To develop basic knowledge in English | Identifying the deserving groups through pre-test practice on :missing letter,Word Tree,Cross word, puzzles | June-August | English Teacher | |
| 2 | | Develop interest in learning English | Listening to English stories and poems.Exhibitions of English skills,English news reading , reader of the month award. | June-February (Twice in a week) | English teacher English Club | |
| 3 | | Develop Communication skill | Group discussion and debate based on relevant topics.Writing script and enacting (based on text book). | August-February(once in a month) | English Teacher | |
| 4 | | Improve vocabulary | mini dictionary,Vocabulary games (word root). | July - January | English teacher English Club | |
| 5 | | Improve writing skills | English Corner , space for creative writing in English. | July-February | English Teacher | |

**മേഖല - യുപി വിഭാഗം സാമൂഹ്യ ശാസ്ത്രം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | സാമൂഹ്യശാസ്ത്രത്തിലുള്ള അടിസ്ഥാന അറിവുകൾ പരിശോധിക്കൽ | പഞ്ചായത്ത് ഭൂപടം നിരീക്ഷിച്ച് കുട്ടികളുടെ തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| | | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക അറിവ് നേടിയെടുക്കൽ | പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ഓരോ ആഴ്ചയിലും ഓരോ ചോദ്യങ്ങൾ നൽകി ഉത്തരം ഉത്തരപ്പെട്ടിയിൽ നിക്ഷേപിച്ച് ശരിയുത്തരം നൽകിയവർക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നു. | ജൂലൈ - ഫെബ്രുവരി (ആഴ്ചയിൽ ഒരു ദിവസം) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| | | ഭൂപട വായന , സ്ഥല നിർണയം എന്നിവയ്ക്കുള്ള പ്രാപ്തി നേടൽ | നിറയുന്ന ഭൂപടം-<br>ലോകത്ത് നടക്കുന്ന പ്രധാന സംഭവങ്ങളുടെയും കായിക മത്സരങ്ങളുടെ യും വാർത്തകൾ ശേഖരിച്ച് ബന്ധപ്പെട്ട പ്രദേശങ്ങൾക്ക നേരെ ഒട്ടിച്ച് നിറയുന്ന ഭൂപടം തയ്യാറാക്കൽ | ഒക്ടോബർ മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| | | മാതൃക നിർമ്മാണത്തിനുള്ള പ്രാപ്തി നേടൽ | ഹാർഡ്ബോഡ് ,ന്യൂസ്പേപ്പർ തുടങ്ങിയ പാഴ് വസ്തുക്കൾ നൽകി സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കനുസൃതമായ നിശ്ചല മാതൃകകൾ തയ്യാറാക്കൽ | നവംബർ മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |

# ലോവർ പ്രൈമറി വിഭാഗം

**എൽ പി വിഭാഗം    മേഖല: പരിസരപഠനം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | നമ്മുടെ പരിസ്ഥിതിയെ അറിയുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും | ● പ്രകൃതി നടത്തം<br>● മരം വരച്ച് നിറം നൽകൽ<br>● വൃക്ഷത്തൈ നടൽ<br>● വളരുന്ന മരം<br>● ജീവികളുടെയും സസ്യങ്ങളുടെയും പേരുകൾ തിരിച്ചറിയൽ<br>● ജലസസ്യങ്ങൾ തിരിച്ചറിയൽ<br>● ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>● ജൈവവൈവിധ്യ ഉദ്യാനം | ജൂൺ , ജൂലൈ, ആഗസ്റ്റ് | ക്ലാസ്സ് അധ്യാപിക | PTA |
| 2 | | കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിന് | ● ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>● പതിപ്പ് തയ്യാറാക്കൽ<br>● നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>● വാന നിരീക്ഷണം<br>● സയൻസ്  പാർക്ക് സന്ദർശിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |
| 3 | | വിവിധ തൊഴിലുകളുടെ മഹത്വം തിരിച്ചറിയുന്നതിന് | ● കൃഷിയിടങ്ങൾ, പൊതുയിടങ്ങൾ, പൊതു സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ സന്ദർശനം നടത്തൽ<br>● വിദഗ്ദരുമായിട്ടുള്ള അഭിമുഖം<br>● പതിപ്പ് നിർമ്മാണം | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |

| | | | | | | |
|---|---|---|---|---|---|---|
| 4 | | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ● ശുചിത്വ പാട്ട്<br>● ശുചിത്വ സർവ്വേ<br>● ആഹാരവും ആരോഗ്യവും - പാവ നാടകം<br>● Dust bin നിർമ്മാണം<br>● ഹരിത കർമ്മ സേനാംഗങ്ങളെ ആദരിക്കലും അഭിമുഖവും | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |
| 5 | | ഭൂപട വായന - സൂചിക പരിചയപ്പെടൽ | ● ഭൂപടം വായിക്കുന്നു. കണ്ടെത്തലുകൾ കുറിക്കുന്നു.<br>● ഭൂപട രചന നടത്തുന്നു<br>● സൂചിക നിർമ്മാണം നടത്തുന്നു. | ജനുവരി | ക്ലാസ്സ് അധ്യാപിക | PTA |
| 6 | | ദിനാചരണം | ● ശാസ്ത്ര പ്രതിഭകളെ ആദരിക്കലും അനുസ്മരണവും<br>● ക്വിസ്സ്<br>● പോസ്റ്റർ പതിപ്പ് | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |

**എൽ പി വിഭാഗം    മേഖല: ഇംഗ്ലീഷ്**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | To speak,read and write English without any mistakes.<br><br>*Listening skill | ● Stories<br>● Action song<br>● Games<br>● Hello English activity<br>● Conversation<br>● Skit<br>Rhymes | June - August | *Class teacher<br>*SRG | PTA |
| 2 | | *Speaking skill | ● Self introduction<br>● About the picture | August - March | *Class teacher | PTA |

| | | | | | | |
|---|---|---|---|---|---|---|
| | | | ● Identify the action words from the picture<br>● Riddles<br>● Role play<br>● Identify the naming words from the picture | | *SRG | |
| 3 | | *Reading skill | ● Picture reading<br>● Reads simple story<br>● News paper reading<br>● Text book reading | June - March | *Class teacher *SRG | PTA |
| 4 | | *Writing skill | ● Complete the word web<br>● Picture description<br>● Conversation<br>● Story making<br>● Riddles<br>● Thought<br>● Notice<br>● Diary<br>● Profile making | June - March | *Class teacher *SRG | PTA |

**എൽ പി വിഭാഗം  മേഖല: ഗണിതം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | സംഖ്യബോധം, സ്ഥാനവില എന്നിവ | ● സംഖ്യകൾ തിരിച്ചറിയൽ, പറയൽ<br>● കൂട്ടങ്ങളാക്കൽ<br>● സംഖ്യാകാർഡ് നിർമ്മാണം | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് അധ്യാപിക | PTA |

| | | | | | | |
|---|---|---|---|---|---|---|
| | | ഉറപ്പിക്കൽ | ● സംഖ്യാ റിബൺ<br>● സംഖ്യാ പാട്ട്<br>● മഞ്ചാടി സഞ്ചി<br>● സംഖ്യാ പാറ്റേൺ നിർമ്മാണം<br>● സ്ഥാനവില പോക്കറ്റ്<br>● അബാക്കസ് | | | |
| 2 | | ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിനും ഗണന ചിന്ത വർദ്ധിപ്പിക്കുന്നതിനും | ● സചിത്ര ഗണിതം<br>● സംഖ്യാ പമ്പരം<br>● ഏണിയും പാമ്പും<br>● ഡൈസ് കളി<br>● കച്ചവട ഗണിതം<br>● മാന്ത്രിക ചതുരം<br>● മനക്കണക്ക്<br>● കുസൃതി കണക്ക്<br>● ഗണിത പസിലുകൾ<br>● വില വിവര പട്ടിക തയ്യാറാക്കൽ<br>● ഗുണന വസ്തുതകൾ (പട്ടിക) തയ്യാറാക്കൽ | ആഗസ്റ്റ് - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |
| 3 | | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് സൗന്ദര്യം ആസ്വദിക്കൽ | ● രൂപങ്ങൾ തിരിച്ചറിയലും പരിചയപ്പെടലും<br>● രൂപങ്ങൾക്ക് നിറം നൽകൽ<br>● നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ ജ്യാമിതീയ രൂപവുമായി ബന്ധപ്പെടുത്തൽ<br>● തീപ്പെട്ടിക്കമ്പ്, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ<br>● ജ്യാമിതീയ പാറ്റേൺ നിർമ്മിക്കൽ<br>● ശിൽപ്പശാല - ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |
| 4 | | നിത്യ | ● ക്ലോക്ക് പരിചയപ്പെടൽ | സെപ് | ക്ലാസ്സ് | PTA |

| | | | | | | |
|---|---|---|---|---|---|---|
| | | ജീവിതത്തിൽ സമയത്തിൻ്റെ പ്രാധാന്യം തിരിച്ചറിയുന്നു. കലണ്ടറിന്റെ ആവശ്യകത തിരിച്ചറിയുന്നു. | ● ക്ലോക്ക് നിർമ്മാണം<br>● AM/ PM തിരിച്ചറിയൽ<br>● റെയിൽവേ സമയം തിരിച്ചറിയർ<br>● കലണ്ടർ പരിചയപ്പെടുത്തുന്നു<br>● ദിവസം, ആഴ്ച,മാസം എന്നിവ തിരിച്ചറിയുന്നു.<br>● മലയാള മാസം, ഇംഗ്ലീഷ് മാസം തിരിച്ചറിയൽ<br>● ജന്മദിന കലണ്ടർ തയ്യാറാക്കൽ<br>● കലണ്ടർ പാറ്റേൺ തയ്യാറാക്കൽ | തംബർ - മാർച്ച് | അധ്യാപിക | |
| 5 | | ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ● ഗണിത പ്രതിഭകളെ ആദരിക്കലും അനുസ്മരണവും<br>● ക്വിസ്<br>● പതിപ്പ് | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക | PTA |

**എൽ പി വിഭാഗം മേഖല - മലയാളം**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | | ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപകളിൽ ഏർപ്പെടുന്നതിനും | വായനാ മൂല തയ്യാറാക്കൽ<br>● കഥാവേള<br>● ചിത്രം നോക്കി കഥ പറയൽ<br>● പാട്ടരങ്ങ്<br>● കവിതകൾ താളാത്മകമായി ചൊല്ലൽ<br>● വായനോത്സവം<br>● വീട്ടു വായന<br>● വായനാ കാർഡ് നിർമ്മാണ ശില്പശാല<br>● ചിത്ര കാർഡ് നിർത്മാനം | ജൂൺ - ആഗസ്റ്റ് | SRG | PTA |

| | | | | | | |
|---|---|---|---|---|---|---|
| | | കഴിവ് നേടുന്നതിന്<br>* വായന | ● അക്ഷരപ്പാട്ട്<br>● നാട്ടു വായന<br>● വായനക്കളരി<br>● എഴുത്തുകാരെ പരിചയപ്പെടുത്തൽ<br>റീഡേഴ്സ് തീയേറ്റർ | | | |
| 2 | | എഴുത്ത് | ● സംയുക്ത ഡയറി എഴുത്ത്<br>● സചിത്ര പുസ്തകം<br>● ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>● ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ<br>● കഥ പൂർത്തിയാക്കൽ<br>● ചിത്രങ്ങൾ നോക്കി കഥ എഴുതൽ<br>● പദച്ചാർട്ട്<br>● അക്ഷരച്ചെപ്പ്<br>● അക്ഷരമരം<br>● പാഠ ഭാഗത്തിലെ വ്യവഹാര രൂപങ്ങളിലൂടെ ശേഷി നേടൽ<br>● രചനോത്സവം<br>● രചനാപരിചയ കുറിപ്പ് തയ്യാറാക്കൽ<br>● സർഗ്ഗാത്മക ഡയറി തയ്യാറാക്കൻ | ജൂലൈ - സെപ്തംബർ | SRG<br>ക്ലാസ്സ് അധ്യാപിക | PTA |
| 3 | | ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ● സാഹിത്യ പ്രതിഭകളെ ആദരിക്കലും അനുസ്മരണവും<br>● പോസ്റ്റർ<br>● പതിപ്പ്<br>● ക്വിസ്<br>● നാടകം | ജൂൺ - മാർച്ച് | SRG | PTA |

## എൽ പി വിഭാഗം  മേഖല - അറബിക്

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | | അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുമുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക. | ● ഇ ടെക്സ്റ്റ് പെയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>● ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>● ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക ലാംഗേജ് ഗെയിംസ് | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | അധ്യാപകർ PTA |
| 2 | | അക്ഷര രൂപ വ്യത്യാസം മനസ്സിലാകുക | ● അക്ഷര വായന<br>● ക്ലാസ് വായന<br>● ചിത്രവായന<br>● വീട്ടുവായന<br>● അക്ഷര കാർഡുകൾ ഉപയോഗിച്ച് വിവിധ തരം കളികൾ | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 3 | | തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് എല്ലാ അക്ഷരങ്ങളോടും ചഹ്നങ്ങളോടും കൂടി എഴുതാനുള്ള കഴിവ് വളർത്തിയെടുക്കുക. ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാകുക | ● ഇ വായന<br>● ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടിഎഴുതാൻ പരിശീലിപ്പിക്കുക.<br>● അക്ഷര കാർഡ് നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 4 | | അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാ | ● ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>● ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | സം വളർത്തിയെടുക്കുക | ● കാർട്ടൂൺ പ്രദർശനം<br>● ലാംഗ്വേജ് ഗെയിംസ്<br>● ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>● സ്കിറ്റുകളുടെ അവതരണം | | | |
| 5 | | ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ● ലൈബ്രറി വായന<br>● ചിത്ര കഥ വായന<br>● വീട്ടുവായന<br>● ക്ലാസ് വായന<br>● വായന<br>● മത്സരങ്ങൾ<br>● ഇ വായന | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 6 | | സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക ചെറു വാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | ● വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക<br>● ഇ വായന | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 7 | | ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | ● ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>● ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 8 | | സ്വതന്ത്രമായ വായനയ്ക്ക് | ● കാർട്ടൂൺ പ്രദർശനം<br>● ലാംഗ്വേജ് ഗെയിംസ് | ജൂൺ - മാർച്ച് | അധ്യാപകൻ അറബി | |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രാപ്തരാക്കൽ | ● ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>● സ്കിറ്റുകളുടെ അവതരണം | | ക്ലബ് | |
| 9 | | വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക . | ● ലൈബ്രറി വായന<br>● ചിത്ര വായന<br>● വീട്ടുവായന<br>● ക്ലാസ് വായന<br>● വായന മത്സരങ്ങൾ<br>● ഇ വായന | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 10 | | ചെറു വിവരങ്ങൾ തയ്യാറാക്കാനുള്ള ശേഷി വളർത്തിയെടുക്കുക | ● ചിത്രങ്ങൾ കൊടുത്ത് സ്വതന്ത്ര്യമായി വാക്യങ്ങൾ എഴുതാൻ പരിശീലിപ്പിക്കുക<br>● ചുമർ പത്രിക നിർമ്മാണം<br>● ചാർട്ട് എഴുത്ത്<br>● കയ്യെഴുത്ത് മത്സരം | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 11 | | നിത്യജീവിതത്തിൽ അറബിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വളർ ത്തിയൊടക്കുക | ● ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>● ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>● കാർട്ടൂൺ പ്രദർശനം<br>● ലാംഗ്വേജ് ഗെയിംസ്<br>● പ്രസംഗ മത്സരം<br>● അറബിക് അസംബ്ലി | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |
| 12 | | സ്വതന്ത്രമായ വായനയ്ക്ക് ശേഷി ശക്തിപ്പെടുത്തുക. കുട്ടികളിൽ വായന താല്പര്യം ജനിപ്പി ക്കുകയും അതിലൂടെ | ● ലൊബറി വാചന<br>● ചിത്ര വായന<br>● വീട്ടു വായന<br>● ക്ലാസ്സ് വായന<br>● വായന മത്സരങ്ങൾ<br>● ഇ വായന | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക. | | | | |
| 13 | | വാക്കുകളുടെ അർത്ഥം മനസ്സിലാക്കി അവ ഉപയോഗിച്ച് വിവരങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | ● കയ്യെഴുത്ത് മത്സരം<br>● മാഗസീൻ നിർമ്മാണം<br>● അടിക്കുറിപ്പ് മത്സരം<br>● ചിത്ര കഥ നിർമ്മിക്കൽ<br>● ചുമർ പത്രിക<br>● കുട്ടിക്കവിത രചിക്കാൻ പരിശീലിപ്പിക്കുക | ജൂൺ - മാർച്ച് | അധ്യാപകൻ അറബി ക്ലബ് | |